13/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP.570*(2)/2022*/എസ്.ഐ.സി തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ 7995/എസ്.ഐ.സി-ജി6/2022)**

**സന്നിഹിതൻ**
**ഡോ. കെ. എൽ. വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. കെ. രതീഷ് കുമാർ,
ശിവകൃപ, വയണാമൂല,
ആയൂർ (പി.ഒ), കൊല്ലം – 691 533. } ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ഹെഡ് ക്ലാർക്ക്, ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത്, ഉമ്മന്നൂർ (പി.ഒ), കൊല്ലം – 691 520.
2. അപ്പീൽ അധികാരി & പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ, പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്- 2, മിനി സിവിൽ സ്റ്റേഷൻ, കൊട്ടാരക്കര.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 03/03/2022 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 22/03/2022 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 19/04/2022 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 10/05/2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 24/05/2022 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 27/05/2022 |
| ഹിയറിംഗ് നടന്ന തീയതി :<br>സ്ഥലം : | 29/12/2022<br>കോൺഫറൻസ് ഹാൾ, കൊല്ലം കളക്ടറേറ്റ്. |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പ പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. കെ. രതീഷ് കുമാർ 24/05/2022 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 27/05/2022 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP No. 570(2)/2022/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും, ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 03/03/2022 തീയതി സമർപ്പിച്ച അപേക്ഷയിൽ താഴെപ്പറയുന്ന വിവരങ്ങളാണ് ആവശ്യപ്പെട്ടത്:

1. കമ്പംകോട് വാർഡിൽ ചൂലാപ്പാലം-വയണാമൂല-കൊച്ചുകുന്നുംപുറം റോഡിൽ 1985-നും 2021-നും ഇടയിൽ പഞ്ചായത്തിന്റെ കുടിവെള്ള പൈപ്പ് ലൈയിൻ കണക്ഷൻ ഉണ്ടായിരുന്നോവെന്നും
2. ടി കണക്ഷൻ നിലവിലുണ്ടോ എന്നും
3. ടി കണക്ഷൻ എപ്പോഴെങ്കിലും നിർത്തലാക്കിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എന്ത് കാരണത്താലാണെന്നും മറ്റുമാണ്.

മേൽപ്പടി അപേക്ഷയ്ക്ക് 22/03/2022-ന് എതിർകക്ഷി ഹർജിക്കാരന് മറുപടിയും നൽകിയിട്ടുണ്ട്.

4. 19/04/2022 തീയതി ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിക്ക് 10/05/2022-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 18/06/2022 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്, ഹർജിക്കാരൻ ടി കാര്യാലയത്തിൽ സമർപ്പിച്ച ഒന്നാം അപ്പീൽ അപേക്ഷ, ടിയാൻ ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് എസ്.പി.ഐ.ഒ മുമ്പാകെ വിവരങ്ങൾ ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയും, ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് എസ്.പി.ഐ.ഒ-യുടെ റിപ്പോർട്ട് എന്നിവ പരിശോധിച്ചതിൽ കമ്പംകോട് വാർഡിൽ ചൂലാപാലം-വയണാമൂല കണക്ഷൻ ഉണ്ടായിരുന്നോ എന്നാവശ്യപ്പെട്ട ഒന്നാം ചോദ്യത്തിന് മറുപടിയായി 1985 മുതലുള്ള രേഖകൾ കാലപ്പഴക്കം മൂലം പല രേഖകളും ലഭ്യമല്ലാത്തതായി

കാണുന്നുവെന്നും ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ 2010/11 വർഷത്തെ സമഗ്ര കുടിവെള്ള പദ്ധതിക്കായി തുക വകയിരുത്തിയതായും അപേക്ഷയിൽ സൂചിപ്പിക്കുന്ന പ്രദേശം ഉൾപ്പെടുന്ന സ്ഥലത്ത് 422300/- രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഡെപ്പോസിറ്റ് ചെയ്ത് കുടിവെള്ള പദ്ധതിക്കായി പ്രവൃത്തി നിർവ്വഹണം നടത്തിയിട്ടുണ്ടെന്നുമുള്ള മറുപടിയാണ് നൽകിയിട്ടുള്ളത്. അപേക്ഷകൻ ആവശ്യപ്പെട്ടത് 27 വർഷക്കാലയളവിനുളളിലെ കുടിവെള്ള കണക്ഷനുമായി ബന്ധപ്പെട്ട വിവരങ്ങളാണെന്നും ഓഫീസിൽ ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ 2010/11 വർഷത്തിൽ നിർവ്വഹണം നടത്തിയതും മറുപടിയിൽ സൂചിപ്പിച്ചിട്ടുളളതുമായ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ മാത്രമാണ് ലഭ്യമായതെന്നും നിരവധി മനുഷ്യാദ്ധ്വാനം ഉപയോഗിച്ച് സുലേഖാ സോഫ്റ്റ് വെയർ, ആഡിറ്റ് റിപ്പോർട്ടുകൾ, പഴയ ഫയലുകൾ, പഞ്ചായത്ത് കമ്മറ്റി തീരുമാനങ്ങൾ എന്നിവ വിശദമായി പരിശോധിച്ചതിൽ നിന്നുമാണ് അപേക്ഷകന് മറുപടിയായി നൽകിയ വിവരങ്ങൾ ലഭ്യമായതെന്നും ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് എസ്.പി.ഐ.ഒ അറിയിച്ചിട്ടുളളത് പരിഗണിച്ച് അപ്പീൽവാദി ആവശ്യപ്പെട്ടതിൽ ഓഫീസിൽ ലഭ്യമായ വിവരങ്ങൾ നൽകിയതായി കാണുന്നതിനാൽ മറുപടി തൃപ്തികരമായി കണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നുമാണ്. ടി കണക്ഷൻ നിലവിലുണ്ടോ എന്നും എപ്പോഴെങ്കിലും നിർത്തലാക്കിയിട്ടുണ്ടെങ്കിൽ കാരണവുമാണ് യഥാക്രമം ക്രമ നമ്പർ 2, 3 ചോദ്യങ്ങളിൽ ആവശ്യപ്പെട്ടിരുന്നതിന് ഇല്ല എന്നും കണക്ഷൻ നിർത്തലാക്കിയതിനുള്ള കാരണവും രേഖപ്പെടുത്തി വ്യക്തമായ മറുപടി നൽകിയതിനാലും വിവരാവകാശ അപേക്ഷയിലെ ക്രമ നമ്പർ 1, 2, 3 ചോദ്യങ്ങൾക്ക് ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് എസ്.പി.ഐ.ഒ നൽകിയ മറുപടി തൃപ്തികരമാണെന്ന് നിരീക്ഷിച്ച് ടി കാര്യാലയത്തിൽ സമർപ്പിച്ച ഒന്നാം അപ്പീൽ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നുമാണ്.

10/05/2022-ൽ ഒന്നാം അപ്പീൽ ഉത്തരവ് ഹർജികക്ഷിയ്ക്ക് രജിസ്റ്റേർഡ് തപാൽ മുഖേന അയച്ച് നൽകിയിട്ടുളളതാണെന്നും, ടി കാര്യാലയത്തിൽ സമർപ്പിച്ച ഒന്നാം അപ്പീലിന്മേൽ ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് എസ്.പി.ഐ.ഒ-യെ 05/05/2022 തീയതിയിൽ ഹിയറിംഗ് നടത്താൻ തീരുമാനിച്ചിട്ടുള്ളതും ടി ഹിയറിംഗിൽ അപ്പീൽവാദിക്ക് താത്പര്യമുണ്ടെങ്കിൽ പങ്കെടുക്കാവുന്നതുമാണ് കാണിച്ച് 23/04/2022 തീയതിയിൽ രജിസ്റ്റേർഡ് തപാലായി അയച്ച നൽകിയിട്ടുണ്ടെന്നും, എസ്.പി.ഐ.ഒ-യെ നേരിൽ കേൾക്കുന്ന അവസരത്തിൽ അധികമായി എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് കൂടി പരിഗണിക്കാമെന്ന് സദുദ്ദേശത്തോട് കൂടി മാത്രമാണ് ഇങ്ങനെയൊരു അറിയിപ്പ് നൽകിയതെന്നും, താത്പര്യമുണ്ടെങ്കിൽ പങ്കെടുക്കാവുന്നതാണ് എന്ന വാക്കുകൾ ഉപയോഗിച്ചത് നിഷേധാത്മകമായിട്ടായിരുന്നില്ലെന്നും, തുടർന്നുള്ള അപ്പീൽ അപേക്ഷകളിന്മേൽ അപ്പീൽ

വാദി നൽകുന്ന കത്തുകളിൽ താത്പര്യമുണ്ടെങ്കിൽ എന്ന വാക്ക് ഒഴിവാക്കി ടിയാന് കൂടി പങ്കെടുക്കാവുന്നതും അപേക്ഷയുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ ബോധിപ്പിക്കാവുന്നതുമാണെന്ന അറിയിപ്പ് നൽകിയിട്ടുണ്ടെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും ഹർജിക്കാരന്റെ ചോദ്യങ്ങൾക്കു വ്യക്തമായ മറുപടി നൽകണമെന്നു കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2023 ജനുവരി 30-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

**(ഒപ്പ്)**
**ഡോ. കെ.എൽ. വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

AV